# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3626 15.05.2017 ൽ മറുപടിക്ക്**

**ആറന്മുള മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| ആറന്മുള നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകളും പാലങ്ങളും വിഭാഗം, കെട്ടിട വിഭാഗം, എന്നിവ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; മുടങ്ങിക്കിട ക്കുന്നതിന് കാരണം വ്യക്തമാക്കാമോ? | ആറന്മുള നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൻ കീഴിൽ ആറന്മുള സത്രത്തിന്റെ അഡീഷണൽ ബ്ലോക്കിന്റെ ബാലൻസ് വർക്ക് എന്ന പ്രവൃത്തിയാണ് മുടങ്ങി കിടക്കുന്നത്. ടി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ 12.05.2014 ൽ എഗ്രിമെന്റ് വച്ചു. ടിയാന്റെ അനാരോഗ്യം കാരണം കാലവധിക്കുള്ളിൽ പണി തുടങ്ങാൻ സാധിച്ചില്ല. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 8 മാസമായിരുന്നു. ടി കാലാവധി കഴിഞ്ഞതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 8 മാസം കൂടി നീട്ടി നൽകുവാൻ കരാറുകാരൻ ആവശ്യപ്പെട്ടു. എന്നാൽ ബാങ്ക് ഗ്യാരന്റിയുടെ നിശ്ചിത കാലാവധിയായ 3 വർഷം കഴിഞ്ഞതിനാൽ ടി കാലഘട്ടത്തേക്ക് കൂടി ബാങ്ക് ഗ്യാരന്റി നീട്ടി നൽകുവാൻ കോൺട്രാക്ടറോട് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചാൽ പണി തുടർന്ന് നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br>നിരത്തുകളും പാലങ്ങളും, ദേശീയപാത വിഭാഗങ്ങളിൽ മുടങ്ങി കിടക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ